# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : ASA S KUMAR** **Editor : Dr. BINU HARRIET IVAN**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-13/09/2023.

1. സെറികൾച്ചർ, തേൻ സംസ്കരണം, ബയോഗ്യാസ് പ്ലാന്റ്, ഫാം വേസ്റ്റ് മാനേജ്മെന്റ്, പ്ലാന്റ് ക്വാറന്റീൻ തുടങ്ങിയ പുതിയ ഘടകങ്ങൾക്കു കൂടി അഗ്രികൾച്ചർ ഇൻഫ്രക്ചർ ഫണ്ടിലൂടെ (AIF) ഈ സാമ്പത്തിക വർഷം സഹായം നൽകും. തേനീച്ച വളർത്തൽ, തേൻ ശേഖരണം, സംസ്കരണം എന്നിവയ്ക്ക് ഉപകരണങ്ങൾ ഉൾപ്പെടെ വാങ്ങി യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് സഹായം. കൃഷിയിട അവശിഷ്ടങ്ങൾ സംസ്കരിക്കുന്ന യൂണിറ്റുകൾക്കും ബയോഗ്യാസ് പ്ലാന്റുകൾക്കും അടിസ്ഥാന സൗകര്യമൊരുക്കാനും സഹായമുണ്ട്. കൂൺകൃഷി, വെർട്ടിക്കൽ ഫാമിംഗ്, ഏറോപോണിക്സ് ,ഹൈഡ്രോപോണിക്സ്, പോളിഹൗസ്, ഗ്രീൻഹൗസ് തുടങ്ങി മുപ്പതോളം ഘടകങ്ങൾക്കും സഹായം നൽകുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവൻ തലത്തിലോ എ ഐ എഫ് മേഖല കോഡിനേറ്റർമാരുമായോ ബന്ധപ്പെടുക.. തിരുവനന്തപുരം 8921540233, 9020060507 കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം 6235277042, ഇടുക്കി, എറണാകുളം 9048843776, തൃശ്ശൂർ, പാലക്കാട്, മലപ്പുറം 8075480273, വയനാട് കോഴിക്കോട് 8921785327, കണ്ണൂർ, കാസർഗോഡ് 7907118539

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Plant Propagation and Nursery Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2023 ഒക്ടോബർ 3. കോഴ്സ് ആരംഭിക്കുന്നത് 2023 ഒക്ടോബർ 4. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2370051.

3. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയ്ക്കു കീഴിലുള്ള വിവിധ ജില്ലകളിലെ (തിരുവനന്തപുരം, ഇടുക്കി, വയനാട്) ഡയറി സയൻസ് കോളേജുകളിലും, വി കെ ഐ ഡിഫ് ടി മണ്ണുത്തിയിലും നടത്തി വരുന്ന ബി.ടെക് ഡയറി ടെക്നോളജി/ഫുഡ് ടെക്നോളജി കോഴ്സുകളിലേക്ക് ഉള്ള 2023 അക്കാഡമിക് വർഷത്തെ സ്പോട്ട് അഡ്മിഷൻ 14.09.2023 രാവിലെ 11 മണിക്ക് വയനാട്

ജില്ലയിലെ പൂക്കോട് ഉള്ള സർവകലാശാല ആസ്ഥാനത്ത് വെച്ച് നടത്തുന്നുണ്ട്. പ്രവേശനത്തിനായി നിശ്ചിത യോഗ്യത ഉള്ള വിദ്യാർത്ഥികൾ തങ്ങളുടെ സർട്ടിഫിക്കറ്റുകളുടെയും അനുബന്ധ രേഖകളുടെയും ഒറിജിനലും പകർപ്പുമായി 14.09.2023 രാവിലെ 11 മണിക്ക് മുൻപായി വയനാട് പൂക്കോട് ഉള്ള സർവകലാശാല ആസ്ഥാനത്ത് എത്തി ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ 'അലങ്കാര മത്സ്യകൃഷി' എന്ന വിഷയത്തിൽ 20.09.2023-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയ്യതി 19.09.2023. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0487 2370773

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന അഖിലേന്ത്യ ഏകോപിത ഔഷധസസ്യ ഗവേഷണ കേന്ദ്രത്തിൽ തൃശൂർ ജില്ലയിൽ അധിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് **"ഔഷധസസ്യങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും"** എന്ന വിഷയത്തിൽ ഒരു സൗജന്യ ഏകദിന പരിശീലന പരിപാടി സെപ്തംബർ അവസാനവാരം സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് പങ്കെടുക്കുവാൻ അവസരം. താത്പര്യമുള്ളവർ, രജിസ്റ്റർ ചെയ്യുന്നതിനായി 18.9.2023 തീയതി 4 മണിക്ക് മുൻപായി 10 മണി മുതൽ 4 മണി വരെയുള്ള സമയങ്ങളിൽ 9188498477, 0487 2438477 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

6. ഏറ്റവും മികച്ച വിളവ് ലഭിക്കാനായി സെപ്റ്റംബർ പകുതിയോടെയാണ് ശീതകാല പച്ചക്കറികൾ കൃഷി ചെയ്തു തുടങ്ങേണ്ടത്. അതിനാൽ "ശീതകാല പച്ചക്കറി വിളകളുടെ ഉത്പാദനം" എന്ന വിഷയത്തിൽ തിരുവനന്തപുരം, വെള്ളായണി, കേരള കാർഷിക സർവകലാശാല, ട്രെയിനിങ് സർവ്വീസ് സ്കീം, ഈ മാസം 14,15 (സെപ്റ്റംബർ 14,15) തീയതികളിലായി ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. വെള്ളായണി കാർഷിക കോളേജിൽ വച്ച് രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ ആണ് പരിശീലനം. ക്യാബേജ്, കോളിഫ്ളവർ, ക്യാരറ്റ്, ബീറ്റ്റൂട്ട്, റാഡിഷ്, ബ്രോക്കോളി, ഉള്ളി തുടങ്ങിയവയുടെ തൈ ഉല്പാദനത്തെക്കുറിച്ചും, കൃഷി രീതികളെക്കുറിച്ചും, കീട-രോഗ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും വിശദമായി പഠിപ്പിക്കുന്നതായിരിക്കും. പരിശീലന ഫീസ് 600 രൂപ. പങ്കെടുക്കുവാൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താല്പര്യമുള്ളവർ 9497426849 എന്ന നമ്പറിലേക്ക് വിളിക്കുകയോ, പേരും ഫോൺ നമ്പരും വാട്സ്ആപ്പ് സന്ദേശമായി അയയ്ക്കുകയോ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ 9497426849.

7. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എറണാകുളം, തൃശ്ശൂർ ജില്ലയിലെ കർഷകർക്കായി പരമാവധി 100 പേർക്ക് തുടക്കക്കാരായ സംരംഭകർക്കായി ഒരു ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ആലുവ LMTC ഡെപ്യൂട്ടി ഡയറക്ടർമായി 9447033241 എന്നാ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിശീലന പരിപാടികൾ 2023 സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിക്കുന്നു. ഈ മാസം 15 ന് കേക്ക് നിർമാണവും അലങ്കാരവും, 19 ന് മുട്ടക്കോഴി വളർത്തൽ, 20 ന് അലങ്കാരമത്സ്യകൃഷി, 29 ന് തേനീച്ച വളർത്തൽ എന്നിവയിലാണ് പരിശീലനം. നിശ്ചിത ഫീസ് ഈടാക്കികൊണ്ട് നടത്തപ്പെടുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പരിൽ ബന്ധപെടുക

9. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രം ഇന്ന് (13.09.2023) രാവിലെ 10 മണി മുതൽ 4 മണി വരെ "ശീതള പാനീയങ്ങൾ" എന്ന വിഷയത്തിൽ ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻതാൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പറിൽബന്ധപ്പെടുക.

10. റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ റബ്ബർബോർഡ് നടത്തുന്ന ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് കോട്ടയത്ത് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വെച്ച് സെപ്റ്റംബർ 20 മുതൽ 22 വരെയുള്ള തീയതികളിൽ നടക്കും. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെുക.

11. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ "മുട്ടക്കോഴി വളർത്തൽ" എന്ന വിഷയത്തിൽ ഈ മാസം 14, 15 (14.09.2023, 15.09.2023) തീയതികളിൽ രാവിലെ 10 മണി മുതൽ 5.00 മണി വരെ പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകിക്കൊണ്ട് 2 ദിവസത്തെ സൗജന്യ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം നൽകുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

12. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ഗ്രാമ സമൃദ്ധി പദ്ധതിയുടെ ഭാഗമായി മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമായ ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങളെ ഒന്നിന് 130 രൂപ നിരക്കിൽ 18/09/2023 തിങ്കൾ രാവിലെ 10 മണിയ്ക്ക് വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർ 04812373710 എന്ന ഫോൺ നമ്പരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം